# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2337
12.06.2018 (ചൊവ്വ) ലെ മറുപടിക്ക്

## 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. പി.കെ. ബഷീർ** **ശ്രീ. കെ.എൻ. ബാലഗോപാൽ**
**(ബഹു. ധനകാര്യവകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | **സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്**<br>• റേഷൻ കടകളിലൂടെ വില്പന നടത്തുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ചോർച്ചയും അതുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികളും കുറച്ചു കൊണ്ടു വരുന്നതിനായി കടകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും, ബയോമെട്രിക് ഉപകരണം സ്ഥാപിച്ച് ഭക്ഷ്യ ധാന്യങ്ങളുടെ വില്പന നടത്തുകയും അതുവഴി റേഷൻ വിതരണത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യുന്ന പദ്ധതി.<br>**സാമൂഹ്യനീതി ഡയറക്ടറേറ്റ്**<br>• സ്ത്രീകൾക്കായി പ്രത്യേക വകുപ്പ്<br>• ഡിസെബിലിറ്റി റിസർച്ച് സെൽ രൂപീകരണം<br>• ബാരിയർ ഫ്രീ പദ്ധതി<br>• ഓട്ടിസം പാർക്ക്<br>**വനിതാ ശിശു വികസന ഡയറക്ടറേറ്റ്**<br>• അങ്കണവാടി കെട്ടിട നിർമ്മാണം<br>• ആഫ്റ്റർ കെയർ പദ്ധതി<br>**പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ്**<br>• 1267 കി.മീ ദൈർഘ്യം വരുന്ന സമ്പൂർണ്ണ മലയോര ഹൈവേ<br>• കാരേറ്റ് കല്ലമ്പലം റോഡ് എന്ന പ്രവൃത്തി ഒഴികെ 182 റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ<br>• 69 പാലങ്ങളുടെയും മേൽപ്പാലങ്ങളുടെയും പ്രവൃത്തികൾ<br>**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**<br>• സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം<br>• സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ വികസനം<br>• സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം<br>• പോളിടെക്നിക്ക് കോളേജുകളിൽ നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത |

| | | |
|---|---|---|
| | | പദ്ധതികൾ<br>• പുനർജനി പദ്ധതി<br><br>**<u>കൃഷി വകുപ്പ്</u>**<br><br>**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**<br>• പ്രാദേശിക സവിശേഷതയുള്ള കാർഷികോല്പന്നങ്ങളുടെ കൃഷി<br>• കേരളത്തിലെ ജൈവവൈവിധ്യവും തനത് ഇനങ്ങളുടെ ജേം പ്ലാസവും സംരക്ഷിക്കുന്നതിനുള്ള പദ്ധതി<br>• നെല്ല്, പച്ചക്കറി, വാഴ, പൂക്കൾ, നാളികേരം എന്നിവയ്ക്കായി പ്രത്യേക കാർഷിക മേഖലകളിലെ സംയോജിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കൽ<br>• സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി<br>• വയനാട് പാക്കേജിൽ വയനാടിന്റെ തനതു നെല്ലിനങ്ങളുടെ പ്രോത്സാഹനം<br><br>**<u>പൊതുമരാമത്ത് (ദേശീയപാത) വകുപ്പ്</u>**<br><br>• കരമന-കളിയിക്കാവിള റോഡ് നിർമ്മാണം- പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഒന്നാം ഘട്ടം, രണ്ടാം റീച്ച് .<br>• ദേശീയ പാത 47 ലെ കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡിന്റെ വികസന പ്രവർത്തനം<br>• ദേശീയ പാത 17 ലെ കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണം<br>• തീരദേശ ഹൈവേ<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**<br><br>• പരപ്പനങ്ങാടി, ചെത്തി എന്നീ മത്സ്യബന്ധന തുറമുഖ പദ്ധതികൾ<br><br>**<u>ഫിഷറീസ് ഡയറക്ടറേറ്റ്</u>**<br><br>• ഉൾനാടൻ മത്സ്യ മേഖലയ്ക്ക് 49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കായൽ അലങ്കാര മത്സ്യ കൃഷി പദ്ധതി പുനരുദ്ധരിക്കും.<br>• കടൽ വിഭവ ശോഷണത്തിന് എതിരെയുള്ള ഇടപെടലുകൾക്ക് 5 കോടി രൂപ വകയിരുത്തി.<br>• പഞ്ഞമാസ സമാശ്വാസ പദ്ധതി 3600 രൂപ വീതം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ അധിക പണം അനുവദിക്കുന്നു.<br>• മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് നഷ്ട പരിഹാര തുക മരിക്കുന്നവർക്കും കാണാതാകുന്നവർക്കും 10 ലക്ഷം രൂപയായും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 5 ലക്ഷം രൂപയായും ഉയർത്തുന്നു.<br>• അനുബന്ധ തൊഴിലാളികൾക്കും ഇൻഷ്വറൻസ് നൽകുന്നതാണ്.<br>• മത്സ്യ ബന്ധനോപകരണങ്ങൾക്കും ഇൻഷ്വറൻസ് നൽകുന്നതാണ്.<br>• മറൈൻ ആംബുലൻസിനായി 2 കോടി രൂപ വകയിരുത്തുന്നു.<br>• മണ്ണെണ്ണ സബ്സിഡിക്കായി 25 കോടി രൂപ വകയിരുത്തുന്നു.<br>• കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ സ്കീമിൽ സംസ്ഥാന വിഹിതമടക്കം 40 കോടി രൂപയുണ്ട്. ഇത് മുഖ്യമായും മത്സ്യകൃഷിയ്ക്കും മൂല്യ വർദ്ധന |

പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ളതാണ്.

- തീരദേശ വികസനത്തിന് 216 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. 24851 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടൽതീരത്ത് നിന്ന് 50 മീറ്റർ ദൂരത്തിനുള്ളിലാണ് താമസിക്കുന്നത്. ഇവരിൽ ഒരു വിഭാഗം അതീവ അപകട മേഖലയിലാണ്. ഇവരുടെ പുനരധിവാസത്തിനു വേണ്ടി 150 കോടി രൂപ വകയിരുത്തുന്നു. തീരത്ത് ജൈവസംരക്ഷണ ഭിത്തി സൃഷ്ടിക്കുവാൻ ഇത് സഹായിക്കും. തീരദേശത്തെ റോഡ് ഒഴികെയുള്ള മറ്റു വികസന പരിപാടികൾക്ക് 56 കോടി രൂപ വകയിരുത്തുന്നു.
- 20 കോടി രൂപ നബാർഡിന്റെ ധനസഹായമായും ഉണ്ടാകും.
- വിഴിഞ്ഞം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പുനരധിവാസത്തിന് മുൻഗണന നൽകും. ആവശ്യമായ പണം അധികമായി അനുവദിക്കുന്നതാണ്.
- മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനു വേണ്ടി 50 കോടി രൂപ അനുവദിക്കുന്നു.

**<u>ഭാരതീയ ചികിത്സാവകുപ്പ്</u>**

- കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശത്തെ കുടുംബങ്ങളിൽ ആരോഗ്യമുള്ള കുട്ടികളുണ്ടാകുന്നതിനായി മാതാപിതാക്കൾക്ക് ആയുർവ്വേദ ആരോഗ്യ പരിചരണം നടത്തുന്നതിനായി നിർവിഷ പദ്ധതി

**<u>വ്യാവസായിക പരിശീലന വകുപ്പ്</u>**

- ഐടിഐകളുടെ ആധുനികവൽക്കരണം
- പെരുമാട്ടി, വാമനപുരം, ചാത്തമംഗലം, ധർമ്മടം, ഹോസ്ദുർഗ്ഗ്, കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ ഐടിഐ.
- കളമശ്ശേരി ഐടിഐ മോഡൽ ഐടിഐ ആക്കി മാറ്റുന്ന പദ്ധതി
- ജോബ്സ് ആന്റ് സ്കിൽഡ് ഡവലപ്മെന്റ് പരിപാടികൾ

**<u>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്</u>**

- എറണാകുളം, തൃശ്ശൂർ മേഖലയിലെ ഫർണിച്ചർ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാൻ ഒരു നൂതന അന്തർദ്ദേശീയ ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുന്ന പദ്ധതി
- ചെറുകിട വ്യവസായ അസോസിയേഷന്റെ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ട്രസ്റ്റിലേക്ക് ഒരു കോടി രൂപ അനുവദിക്കും.
- കൂടാതെ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും തുക വകയിരുത്തിയിട്ടുള്ളതായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.
  1. വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യം ഗുണഭോക്തൃ പങ്കാളിത്തം കൂടി ആവശ്യം വരുന്ന രീതിയിൽ മെച്ചപ്പെടുത്തുന്നതിന് 25 കോടി രൂപ
  2. ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി 23.06 കോടി രൂപ
  3. സംരംഭകത്വ സഹായ പദ്ധതി
  4. നാനോ ഗാർഹിക ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി

5. എറണാകുളം ജില്ലയിൽ ഇന്നവേറ്റീവ് ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുന്നതിന് 600 ലക്ഷം രൂപ

**പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്**

- പബ്ലിക് ഓഫീസ് കോംപ്ലക്സിൽ പൊതുമരാമത്തിന് വേണ്ടി പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം.
- സൗത്ത് സർക്കിൾ റോഡ് ക്യാംപസിൽ, പൊതുമരാമത്ത് വകുപ്പിന്റെ ദക്ഷിണമേഖല സർക്കിൾ ഓഫീസിനായുള്ള കെട്ടിട നിർമ്മാണം.
- തിരുവനന്തപുരം പി.എം.ജി-യിൽ പൊതുമരാമത്ത് ഡിവിഷൻ ഓഫീസ് കോംപ്ലക്സ് നിർമ്മാണം.
- തിരുവനന്തപുരം പി.എം.ജി -യിലെ റോഡ് ക്യാമ്പസിൽ പൊതുമരാമത്ത് സബ് ഡിവിഷൻ / സെക്ഷൻ ഓഫീസ് കോംപ്ലക്സ് നിർമ്മാണം

**രജിസ്ട്രേഷൻ വകുപ്പ്**

- ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി.
- ഇ- സ്റ്റാമ്പിംഗ് പദ്ധതി
- 100 വർഷത്തിലധികം പഴക്കമുള്ള 53 കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി

**പുരാവസ്തു വകുപ്പ്**

- ദീർഘകാല ആർക്കിയോളജി സമഗ്ര വികസന പദ്ധതി.

**മൃഗസംരക്ഷണ വകുപ്പ്**

- കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഒരു ലക്ഷം പശുക്കുട്ടികളെ ഉൾപ്പെടുത്തും.
- കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും

**എക്സൈസ് കമ്മീഷണറേറ്റ്**

- എക്സൈസ് വകുപ്പിന്റെ നവീകരണം
- പുതിയ എക്സൈസ് ടവറുകൾ സ്ഥാപിക്കുന്ന പദ്ധതി
- പുതിയ 12 താലൂക്കുകളിൽ 6 എണ്ണത്തിൽ നടപ്പ് വർഷം പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്ന പദ്ധതി.

**വ്യവസായ വകുപ്പ്**

1. **കേരള കൈത്തറി ഡയറക്ടറേറ്റ്**
   - ഒരു വീട്ടിൽ ഒരു തറി പദ്ധതി
2. **കശുവണ്ടി വ്യവസായം**
   - കേരളത്തിലെ കശുവണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്വകാര്യ വ്യവസായികളുമായി ചർച്ച ചെയ്ത് ഒരു പദ്ധതി
   - ബീഡി തൊഴിലാളി ക്ഷേമത്തിന് ഉചിതമായ പദ്ധതി

| | | |
|---|---|---|
| | | 3. **കയർ –ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡി**നായി രൂപീകരിച്ച പദ്ധതി<br>4. **കെ.എസ്. ഐ.ഡി.സി.**<br>• വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ സ്ത്രീകൾക്കായുള്ള ആശ്രയ പദ്ധതികൾ<br>• ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ & ഇൻഡസ്ട്രിയൽ പ്രൊമോഷൻ ആക്ടിവിറ്റീസ്<br>• മെന്ററിങ്ങിലൂടെ എന്റർപ്രണർ സപ്പോർട്ട്<br>• ഏയ്ഞ്ചൽ ഫണ്ടിങ് / സീഡ് ഫണ്ടിങ്<br>• ലൈഫ് സയൻസ് പാർക്ക്<br>• ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്<br>• ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലെ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ആക്ടിവിറ്റീസ്<br>• മെഗാ ഫുഡ് പാർക്ക്<br>• ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്<br><br>**<u>ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്</u>**<br>• ഏലൂർ, പട്ടാമ്പി, ഉള്ളൂർ,താനൂർ എന്നിവയടക്കം അഞ്ച് പുതിയ ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്.<br><br>**<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ്</u>**<br>**ആരോഗ്യ വകുപ്പ്**<br>• ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തും.<br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ<br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യങ്ങളുടെ വികസനം.<br>• രോഗീ സൗഹൃദ ആശുപത്രി സംവിധാനത്തിന്റെ വികസനം.<br>• നഴ്സിംഗ് സേവനം ശക്തിപ്പെടുത്തൽ<br>• തിരുവനന്തപുരത്ത് അത്യന്താധുനിക രക്തബാങ്ക് സ്ഥാപിക്കൽ.<br>**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**<br>• 8 മെഡിക്കൽ കോളേജുകളിൽ ഒ.പി ട്രാൻസ്ഫർമേഷൻ<br>• രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ<br>• മെഡിക്കൽ കോളേജുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും, വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപണികളും<br><br>**<u>ഹോമിയോപ്പതി വകുപ്പ്</u>**<br>• പുതിയതായി 10 പഞ്ചായത്തുകളിൽ കൂടി എൻ.എച്ച്.എം-ന്റെ കീഴിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന പദ്ധതി.<br><br>**<u>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>**<br>• ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള പഠനത്തിനും ഗവേഷണങ്ങൾക്കും വേണ്ടി |

അന്തർദേശീയ നിലവാരത്തിലുള്ള ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി.

**വിനോദസഞ്ചാര വകുപ്പ്**

- ടൂറിസം മാർക്കറ്റിംഗ്
- നിശാഗന്ധി ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവൽ, ഓണാഘോഷം , ട്രൈബൽ ഡാൻസ് ഫെസ്റ്റിവൽ, പൂരം , തെയ്യം, ഉത്സവങ്ങൾ, വള്ളംകളി മത്സരങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചാരം നൽകുന്നതിനും 15 കോടി രൂപ. മെയിന്റനൻസ് സഹായം ഇതുവരെ ലഭിക്കാത്ത ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായം നൽകുന്നതിനും വള്ളം കളി പ്രോത്സാഹനത്തിനും വേണ്ടി 5 കോടി രൂപ അധികമായി വകയിരുത്തുന്നു.
- കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനടക്കം വിവിധ ടൂറിസം സ്ഥാപനങ്ങൾക്ക് 22 കോടി രൂപ. ഡി.ടി.പി.സി.കൾക്ക് 12 കോടി രൂപ. ടൂറിസം ഗസ്റ്റ്ഹൗസുകളുടെ അപ്ഗ്രഡേഷനും ഗുരുവായൂർ, തിരുവനന്തപുരം, സുൽത്താൻബത്തേരി, പീരുമേട്, കോഴിക്കോട്, പൊൻമുടി, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും 31 കോടി രൂപ.
- മുസിരിസ് ഹെറിറ്റേജ് പ്രൊജക്റ്റ്, തലശ്ശേരി, ആലപ്പുഴ സ്പൈസ് റൂട്ട് പ്രൊജക്ടുകൾ. ആലപ്പുഴയിലെ ആദ്യത്തെ രണ്ട് മ്യൂസിയങ്ങൾ 2017-18-ൽ പൂർത്തീകരിക്കും (തോമസ് നോർട്ടൺ സ്മാരകം, കയർ മ്യൂസിയം). തലശ്ശേരി ജില്ലാ കോടതി പൈതൃക സംരക്ഷണ ശൃംഖലയിൽ ഏറ്റെടുക്കും.
- കോവളം, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, അതിരപ്പിള്ളി, വയനാട്, വർക്കല, നെയ്യാർ, അഷ്ടമുടി, തെന്മല,ശബരിമല, വേമ്പനാട്, വാഗമൺ, ചെറായി, പീച്ചി, ഗുരുവായൂർ, മലമ്പുഴ, നെല്ലിയാമ്പതി, നിള, നിലമ്പൂർ, കാപ്പാട്, ഇരിങ്ങൽ, ഇഷാരഗിരി എന്നിവയ്ക്ക് 80 കോടി രൂപയും മറ്റു ചെറുകിട ഡെസ്റ്റിനേഷനുകൾക്ക് 40 കോടി രൂപയും പശ്ചാത്തല സൗകര്യ വികസനത്തിന് വകയിരുത്തി.
- പാതിരാമണൽ ഇക്കോ ടൂറിസം പദ്ധതി പുനരുജ്ജീവിപ്പിക്കൽ. മലബാറിലെ കായലുകളും നദികളും കൂട്ടിയിണക്കി ടൂറിസം വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ.

**വനം-വന്യജീവി വകുപ്പ്**

- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നൂറുകോടി ചെലവിൽ വയനാട് ജില്ലയിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുള്ള പ്രത്യേക നിക്ഷേപ പദ്ധതി
- തിരുവനന്തപുരം കോട്ടൂരിൽ ആന പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണം

**ഗതാഗതവകുപ്പ്**

**സിയാൽ**

- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ച്, ടി ടെർമിനൽ തുറക്കാൻ പദ്ധതി

**കേരള–റെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ**

- കേരള സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമായ കെ.ആർ.ഡി.സി.എൽ ശബരി ലൈനടക്കം 9 റെയിൽ ലൈനുകളുടെ നിർമ്മാണം
- റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം എന്ന പദ്ധതി

**സംസ്ഥാന ജല ഗതാഗത വകുപ്പ്**

- മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം റൂട്ടുകളിൽ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്ന പദ്ധതി
- കൊല്ലത്ത് സീ– അഷ്ടമുടി എന്ന പേരിൽ പാസ്സഞ്ചർ–കം– ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്ന പദ്ധതി

**കെ.എസ്.ആർ.ടി.സി**

- കിഫ്ബിയിൽ നിന്നും സി.എൻ.ജി ബസ്സുകൾ വരുന്നതിനായി 3000 കോടി രൂപ
- വായ്പ ഇനത്തിൽ 200 കോടി രൂപ

**<u>പരിസ്ഥിതി വകുപ്പ്</u>**

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

- ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ
- ജൈവവൈവിധ്യ ക്ലബുകളുടെ രൂപീകരണം

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

- അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ– 466 ലക്ഷം
- നിയന്ത്രണ സംവിധാനം– 120 ലക്ഷം
- പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും– 500 ലക്ഷം
- കഴിവുകൾ വികസിപ്പിക്കൽ– 25 ലക്ഷം

**<u>സഹകരണ വകുപ്പ്</u>**

- കേരള സഹകരണ ബാങ്ക് രൂപീകരണം.
- റബ്കോ പുനരുദ്ധാരണ സ്കീം
- സമഗ്ര പുനരുദ്ധാരണ സ്കീമിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ പുനസംഘാടനത്തിന്റെ ഭാഗമായി സർക്കാരിലുള്ള കടങ്ങൾ ഷെയറാക്കി മാറ്റുകയും പലിശ എഴുതിത്തള്ളുകയും ചെയ്യുന്ന പദ്ധതി.

**<u>ഭവന നിർമ്മാണ വകുപ്പ്</u>**

- ആശ്വാസ് റെന്റൽ സ്കീം

**<u>ആഭ്യന്തര വകുപ്പ്</u>**

- MoPF പ്രകാരം 50 കോടി രൂപ കേന്ദ്ര വിഹിതമടക്കം വകയിരുത്തും
- പുതിയ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്ന

| | | |
|---|---|---|
| | | പദ്ധതി<br>• പോലീസിന്റെ സാങ്കേതിക നവീകരണത്തിന് 12 കോടി രൂപ<br>• വനിത ബറ്റാലിയൻ രൂപീകരിക്കുന്നതിന്റെ ആദ്യ ഘട്ടമായി 430 തസ്തികകൾ അനുവദിക്കും<br><br>**<u>ട്രഷറി ഡയറക്ടറേറ്റ്</u>**<br><br>• ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം<br>• ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർ ബാങ്കിംഗ്<br>• മൊബൈൽ ആപ്ലിക്കേഷൻ<br>• ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ട് വഴി വാങ്ങുന്നതിനുള്ള പദ്ധതി.<br>• അക്കൗണ്ടിലെ വിശദാംശങ്ങൾ അറിയുന്നതിന് പബ്ലിക് പോർട്ടൽ സംവിധാനം<br><br>**<u>സാംസ്കാരിക കാര്യ വകുപ്പ്</u>**<br><br>• ആധുനിക നിലവാരത്തിലുള്ള തീയറ്റർ സമുച്ചയം സ്ഥാപിക്കുന്നതിന് കെഎസ്എഫ്ഡിസി യ്ക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിക്കും<br>• 1000 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്<br>• പ്രത്യേക ക്യൂറേറ്റർമാരുടെ സഹായത്തോടെ മ്യൂസിയങ്ങളുടെ പുനർസംവിധാനം<br>• ജനപങ്കാളിത്തത്തോടെ റെക്കോർഡുകളുടെ ഡിജിറ്റൽ ആർക്കൈവ്സ്<br>• ദീർഘകാല ആർക്കിയോളജി സമഗ്ര പദ്ധതി<br>• ആലപ്പുഴയിലെ ആസ്പിരിൻവാൾ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന്, തിരുവിതാംകൂർ കൊട്ടാരത്തിൽ നിന്നും വിലക്കു വാങ്ങുന്നതിന് - കിഫ്ബിയിൽ ഉൾപ്പെടുത്തി<br>• കലാകാരൻമാർക്ക് മിനിമം വേതനം ഉറപ്പുവരുത്തിക്കൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ നാടക അവതരണത്തിന് സ്ഥിരം വേദി<br>• ഒ.എൻ.വി യുടെ പേരിൽ സാംസ്കാരിക സമുച്ചയ നിർമ്മാണം.<br><br>**<u>കേരളീയ പ്രവാസികാര്യ വകുപ്പ്</u>**<br><br>**നോർക്ക**<br><br>• ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡേറ്റബെയ്സ് രൂപീകരണവും<br>• കമ്പോള ഗവേഷണം, നൈപുണ്യം നിയമനത്തോടനുബന്ധിച്ചും അതിന് മുൻപും ശേഷവും ഉള്ള സേവനങ്ങൾ<br>• ലോക കേരളസഭ<br>• ആഗോള സാംസ്കാരിക ഉത്സവം |
| (ബി) | അവയിൽ നാളിതുവരെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പദ്ധതികൾ, | **<u>സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്</u>**<br><br><u>ഭരണാനുമതി നൽകിയ പദ്ധതി-</u><br><br>• റേഷൻ കടകളിലൂടെ വില്പന നടത്തുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ചോർച്ചയും അതുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികളും കുറച്ചു കൊണ്ടു വരുന്നതിനായി കടകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും, ബയോമെട്രിക് |

| | | |
|---|---|---|
| | ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഇവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | ഉപകരണം സ്ഥാപിച്ച് ഭക്ഷ്യ ധാന്യങ്ങളുടെ വില്പന നടത്തുകയും അതുവഴി റേഷൻ വിതരണത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യുന്ന പദ്ധതി (സാങ്കേതികാനുമതി ആവശ്യമില്ല).<br><br>**<u>സാമൂഹ്യനീതി ഡയറക്ടറേറ്റ്</u>**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ</u><br>• സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ്<br>• ബാരിയർ ഫ്രീ പദ്ധതി<br><br>**<u>വനിതാ ശിശു വികസന ഡയറക്ടറേറ്റ്</u>**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ</u><br>• അങ്കണവാടി കെട്ടിട നിർമ്മാണം<br>• ആഫ്റ്റർ കെയർ പദ്ധതി<br><br>**<u>പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ്</u>**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br>• 1267 കി.മീ ദൈർഘ്യം വരുന്ന സമ്പൂർണ്ണ മലയോര ഹൈവേ (4 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.)<br>• കാരേറ്റ്-കല്ലമ്പലം റോഡ് എന്ന പ്രവൃത്തി ഒഴികെ 182 റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ<br>• 69 പാലങ്ങളുടെയും മേൽ പാലങ്ങളുടെയും പ്രവൃത്തികൾ<br><br>**<u>സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്</u>**<br><br><u>ഭരണാനുമതി നൽകിയ പദ്ധതി-</u><br>• പുനർജനി പദ്ധതി<br><br>**<u>കൃഷി വകുപ്പ്</u>**<br><br>**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br>• പ്രാദേശിക സവിശേഷതയുള്ള കാർഷികോല്പന്നങ്ങളുടെ കൃഷി<br>• കേരളത്തിലെ ജൈവവൈവിധ്യവും തനത് ഇനങ്ങളുടെ ജേം പ്ലാസവും സംരക്ഷിക്കുന്നതിനുള്ള പദ്ധതി<br>• നെല്ല്, പച്ചക്കറി, വാഴ, പൂക്കൾ, നാളികേരം എന്നിവയ്ക്കായി പ്രത്യേക കാർഷിക മേഖലകളിലെ സംയോജിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കൽ<br>• സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി<br>• വയനാട് പാക്കേജിൽ വയനാടിന്റെ തനതു നെല്ലിനങ്ങളുടെ പ്രോത്സാഹനം |

**പൊതുമരാമത്ത് (ദേശീയപാത) വകുപ്പ്**

ഭരണാനുമതി നൽകിയ പദ്ധതികൾ-

- കരമന-കളിയിക്കാവിള റോഡ് നിർമ്മാണം. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഒന്നാം ഘട്ടം, രണ്ടാം റീച്ച് - പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 7.256 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 266.87 കോടി രൂപയുടെ ഭരണാനുമതി നൽകി. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള രണ്ട് ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 98.10 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി. മീറ്ററിനുള്ള സാങ്കേതികാനുമതി നൽകി.
- ദേശീയ പാത 17 ലെ കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണം- ദേശീയ പാത 17 ലെ കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണത്തിന് 20.00 കോടി രൂപയുടെ എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബി 28 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.
- തീരദേശ ഹൈവേ- കേരള ഗവൺമെന്റ് 6500 കോടി രൂപ തത്വത്തിൽ അംഗീകാരം നൽകി. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മീറ്റർ നീളം വരുന്ന റോഡിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

ഭരണാനുമതി നൽകിയ പദ്ധതികൾ-

- പരപ്പനങ്ങാടി മത്സ്യ ബന്ധന ഗുറമുഖ നിർമ്മാണം. ( സാങ്കേതികാനുമതി നൽകിയിട്ടുണ്ട്)
- ചെത്തി മത്സ്യ ബന്ധന ഗുറമുഖ നിർമ്മാണം. (തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്)

**ഫിഷറീസ് ഡയറക്ടറേറ്റ്**

ഭരണാനുമതി നൽകിയ പദ്ധതികൾ-

- ഉൾനാടൻ മത്സ്യ മേഖലയ്ക്ക് 49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കായൽ അലങ്കാര മത്സ്യ കൃഷി പദ്ധതി പുനരുദ്ധരിക്കും.
- കടൽ വിഭവ ശോഷണത്തിന് എതിരെയുള്ള ഇടപെടലുകൾക്ക് 5 കോടി രൂപ വകയിരുത്തി.
- പഞ്ഞമാസ സമാശ്വാസ പദ്ധതി 3600 രൂപ വീതം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ അധിക പണം അനുവദിക്കുന്നു.
- മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് നഷ്ട പരിഹാര തുക മരിക്കുന്നവർക്കും കാണാതാകുന്നവർക്കും 10 ലക്ഷം രൂപയായും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 5 ലക്ഷം രൂപയായും ഉയർത്തുന്നു.
- അനുബന്ധ തൊഴിലാളികൾക്കും ഇൻഷ്വറൻസ് നൽകുന്നതാണ്.
- മത്സ്യ ബന്ധനോപകരണങ്ങൾക്കും ഇൻഷ്വറൻസ് നൽകുന്നതാണ്.
- മറൈൻ ആംബുലൻസിനായി 2 കോടി രൂപ വകയിരുത്തുന്നു.
- മണ്ണെണ്ണ സബ്സിഡിക്കായി 25 കോടി രൂപ വകയിരുത്തുന്നു.
- കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ സ്കീമിൽ സംസ്ഥാന വിഹിതമടക്കം

40 കോടി രൂപയുണ്ട്. ഇത് മുഖ്യമായും മത്സ്യകൃഷിയ്ക്കും മൂല്യ വർദ്ധന പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ളതാണ്.

- തീരദേശ വികസനത്തിന് 216 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. 24851 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടൽതീരത്ത് നിന്ന് 50 മീറ്റർ ദൂരത്തിനുള്ളിലാണ് താമസിക്കുന്നത്. ഇവരിൽ ഒരു വിഭാഗം അതീവ അപകട മേഖലയിലാണ്. ഇവരുടെ പുനരധിവാസത്തിനു വേണ്ടി 150 കോടി രൂപ വകയിരുത്തുന്നു. തീരത്ത് ജൈവസംരക്ഷണ ഭിത്തി സൃഷ്ടിക്കുവാൻ ഇത് സഹായിക്കും. തീരദേശത്തെ റോഡ് ഒഴികെയുള്ള മറ്റു വികസന പരിപാടികൾക്ക് 56 കോടി രൂപ വകയിരുത്തുന്നു.
- 20 കോടി രൂപ നബാർഡിന്റെ ധനസഹായമായും ഉണ്ടാകും.
- വിഴിഞ്ഞം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ടു ഉണ്ടാകുന്ന പുനരധിവാസത്തിന് മുൻഗണന നൽകും. ആവശ്യമായ പണം അധികമായി അനുവദിക്കുന്നതാണ്.

**<u>ഭാരതീയ ചികിത്സാവകുപ്പ്</u>**

<u>ഭരണാനുമതി നൽകിയ പദ്ധതി-</u>

- നിർവിഷ പദ്ധതി

**<u>വ്യാവസായിക പരിശീലന വകുപ്പ്</u>**

<u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u>

- ഐടിഐ കളുടെ ആധുനികവത്ക്കരണം
- പെരുമാട്ടി, വാമനപുരം, ചാത്തമംഗലം, ധർമ്മടം, ഹൊസ്ദുർഗ്ഗ്, കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ ഐടിഐ ആരംഭിക്കുന്ന പദ്ധതി
- മോഡൽ ഐടിഐ പദ്ധതി
- ജോബ്സ് ആന്റ് സ്കിൽഡ് ഡവലപ്മെന്റ് പരിപാടികൾ

**<u>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്</u>**

<u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u>

- വ്യവസായ സംരംഭകർക്കുള്ള ഇൻഷ്വറൻസ് സ്കീം
- നാനോ ഗാർഹിക ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി
- സംരംഭകത്വ സഹായ പദ്ധതി (ഭരണാനുമതി ആവശ്യമില്ല)

**<u>പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്</u>**

<u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u>

- പബ്ലിക് ഓഫീസ് കോംപ്ലക്സിൽ പൊതുമരാമത്തിന് വേണ്ടി പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം.
- സൗത്ത് സർക്കിൾ റോഡ് ക്യാംപസിൽ, പൊതുമരാമത്ത് വകുപ്പിന്റെ ദക്ഷിണമേഖല സർക്കിൾ ഓഫീസിനായുള്ള കെട്ടിട നിർമ്മാണം.
- തിരുവനന്തപുരം പി.എം..ജി യിൽ പൊതുമരാമത്ത് ഡിവിഷൻ ഓഫീസ് കോംപ്ലക്സ് നിർമ്മാണം.
- തിരുവനന്തപുരം പി.എം.ജി യിലെ റോഡ് ക്യാമ്പസിൽ പൊതുമരാമത്ത് സബ് ഡിവിഷൻ / സെക്ഷൻ ഓഫീസ് കോംപ്ലക്സ് നിർമ്മാണം.

**രജിസ്ട്രേഷൻ വകുപ്പ്**

ഭരണാനുമതി നൽകിയ പദ്ധതികൾ-

- ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി.
- ഇ- സ്റ്റാമ്പിംഗ് സംവിധാനം
- 100 വർഷത്തിലധികം പഴക്കമുള്ള 53 കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി

**പുരാവസ്തു വകുപ്പ്**

ഭരണാനുമതി നൽകിയ പദ്ധതികൾ-

- ദീർഘകാല ആർക്കിയോളജി സമഗ്ര വികസന പദ്ധതി.

**മൃഗസംരക്ഷണ വകുപ്പ്**

ഭരണാനുമതി നൽകിയ പദ്ധതികൾ-

- കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഒരു ലക്ഷം പശുക്കുട്ടികളെ ഉൾപ്പെടുത്തും.
- കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും

(മേൽ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്)

**എക്സൈസ് കമ്മീഷണറേറ്റ്**

ഭരണാനുമതി നൽകിയ പദ്ധതികൾ-

- എക്സൈസ് വകുപ്പിന്റെ നവീകരണം
- പുതിയ 12 താലൂക്കുകളിൽ 6 എണ്ണത്തിൽ നടപ്പു വർഷം പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്ന പദ്ധതി.
- പുതിയ എക്സൈസ് ടവറുകൾ സ്ഥാപിക്കുന്ന പദ്ധതി- കാസർഗോഡ്

**വ്യവസായ വകുപ്പ്**

ഭരണാനുമതി നൽകിയ പദ്ധതികൾ-

**കേരള കൈത്തറി ഡയറക്ടറേറ്റ്**

- ഒരു വീട്ടിൽ ഒരു തറി പദ്ധതി

**കയർ-ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡി**നായി രൂപീകരിച്ച പദ്ധതി (സാങ്കേതികാനുമതി നൽകിയിട്ടുണ്ട്)

**കെ.എസ്. ഐ.ഡി.സി.**

- വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ സ്ത്രീകൾക്കായുള്ള ആശ്രയ പദ്ധതികൾ
- ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ & ഇൻഡസ്ട്രിയൽ പ്രൊമോഷൻ ആക്ടിവിറ്റീസ്
- മെന്ററിങ്ങിലൂടെ എന്റർപ്രണർ സപ്പോർട്ട്
- ഏയ്ഞ്ചൽ ഫണ്ടിങ് / സീഡ് ഫണ്ടിങ്
- ലൈഫ് സയൻസ് പാർക്ക്

| | | |
|---|---|---|
| | | • ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്<br>• ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലെ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ആക്ടിവിറ്റീസ്<br>• മെഗാ ഫുഡ് പാർക്ക്<br>• ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്<br><br>(മേൽ പദ്ധതികൾക്ക് സാങ്കേതികാനുമതി ആവശ്യമില്ല)<br><br>**<u>ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്</u>**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br><br>• ഏലൂർ, പട്ടാമ്പി, ഉള്ളൂർ, താനൂർ എന്നിവിടങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂസ്റ്റേഷനുകൾ<br><br><u>ഭരണാനുമതി നൽകാത്ത പദ്ധതി-</u><br><br>• ആലപ്പുഴ ഫയർഫോഴ്സ് കോംപ്ലക്സ്<br><br>**<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ്</u>**<br><br>**ആരോഗ്യ വകുപ്പ്**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br><br>• ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തും.<br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ<br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കൽ<br>• രോഗീ സൗഹൃദ ആശുപത്രി സംവിധാനത്തിന്റെ വികസനം<br>• നഴ്സിംഗ് സേവനം ശക്തിപ്പെടുത്തൽ<br>• തിരുവനന്തപുരത്ത് അത്യന്താധുനിക രക്തബാങ്ക് സ്ഥാപിക്കൽ<br><br>**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br><br>• ആർദ്രം മിഷനിൽ ഉൾപ്പെടുത്തി 8 മെഡിക്കൽ കോളേജുകളിൽ ഒ.പി ട്രാൻസ്ഫർമേഷൻ<br>• രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ<br>• മെഡിക്കൽ കോളേജുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും, വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപണികളും<br><br>**<u>ഹോമിയോപ്പതി വകുപ്പ്</u>**<br><br><u>ഭരണാനുമതി നൽകിയ പദ്ധതി-</u><br><br>• പുതിയതായി 10 പഞ്ചായത്തുകളിൽ കൂടി എൻ.എച്ച്.എം-ന്റെ കീഴിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന പദ്ധതി |

| | | |
|---|---|---|
| | | **ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**<br><br>ഭരണാനുമതി നൽകിയ പദ്ധതി-<br><br>• ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള പഠനത്തിനും ഗവേഷണങ്ങൾക്കും വേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി<br><br>**വിനോദസഞ്ചാര വകുപ്പ്**<br><br>ഭരണാനുമതി നൽകിയ പദ്ധതികൾ-<br><br>• ടൂറിസം മാർക്കറ്റിംഗ്<br>• നിശാഗന്ധി ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവൽ, ഓണാഘോഷം, ട്രൈബൽ ഡാൻസ് ഫെസ്റ്റിവൽ, പൂരം , തെയ്യം, ഉത്സവങ്ങൾ, വള്ളംകളി മത്സരങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചാരം നൽകുന്നതിനും 15 കോടി രൂപ. മെയിന്റനൻസ് സഹായം ഇതുവരെ ലഭിക്കാത്ത ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായം നൽകുന്നതിനും വള്ളം കളി പ്രോത്സാഹനത്തിനും വേണ്ടി 5 കോടി രൂപ അധികമായി വകയിരുത്തുന്നു.<br><br>**വനം- വന്യജീവി വകുപ്പ്**<br><br>ഭരണാനുമതി നൽകിയ പദ്ധതികൾ-<br><br>• മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ആറുകോടി ചെലവിൽ വയനാട് ജില്ലയിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുള്ള പ്രത്യേക നിക്ഷേപ പദ്ധതി<br>• തിരുവനന്തപുരം കോട്ടൂരിൽ ആന പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണം<br><br>**ഗതാഗതവകുപ്പ്**<br><br>ഭരണാനുമതി നൽകിയ പദ്ധതികൾ-<br><br>**സിയാൽ**<br>• കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനൽ സജ്ജമാക്കുന്ന പദ്ധതി<br>**കേരള-റെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ**<br>• കേരള സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമായ കെ.ആർ.ഡി.സി.എൽ ശബരി ലൈനടക്കം 9 റെയിൽ ലൈനുകളുടെ നിർമ്മാണം<br>• റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം പദ്ധതി<br>**സംസ്ഥാന ജല ഗതാഗത വകുപ്പ്**<br>• മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം റൂട്ടുകളിൽ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്ന പദ്ധതി<br>• കൊല്ലത്ത് സീ- അഷ്ടമുടി എന്ന പേരിൽ പാസ്സഞ്ചർ- കം- ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്ന പദ്ധതി |

| | | |
|---|---|---|
| | | **കെ.എസ്.ആർ.ടി.സി**<br>• കിഫ്ബിയിൽ നിന്നും സി.എൻ.ജി ബസ്സുകൾ വാങ്ങുന്നതിനായി 3000 കോടി രൂപ<br>• വായ്പ ഇനത്തിൽ 200 കോടി രൂപ ( 9 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്)<br><br>**<u>പരിസ്ഥിതി വകുപ്പ്</u>**<br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br>**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**<br>• ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ<br>**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**<br>• അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ- 216 ലക്ഷം<br>• നിയന്ത്രണ സംവിധാനം- 115 ലക്ഷം<br>• പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും- 450 ലക്ഷം<br>• കഴിവുകൾ വികസിപ്പിക്കൽ- 25 ലക്ഷം<br><br>**<u>സഹകരണ വകുപ്പ്</u>**<br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br>• കേരള സഹകരണ ബാങ്ക് രൂപീകരണം. (മേൽ പദ്ധതിയ്ക്ക് പ്രത്യേക ഭരണാനുമതി ആവശ്യമില്ല. )<br>• സമഗ്ര പുനരുദ്ധാരണ സ്കീമിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ പുനസംഘാടനത്തിന്റെ ഭാഗമായി സർക്കാരിലുള്ള കടങ്ങൾ ഷെയറാക്കി മാറ്റുകയും പലിശ എഴുതിത്തള്ളുകയും ചെയ്യുന്ന പദ്ധതി<br><br>**<u>ഭവന നിർമ്മാണ വകുപ്പ്</u>**<br>• ആശ്വാസ് റെന്റൽ സ്കീം<br><br>**<u>ആഭ്യന്തര വകുപ്പ്</u>**<br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br>• MoPF പ്രകാരം 50 കോടി രൂപ കേന്ദ്ര വിഹിതമടക്കം വകയിരുത്തും<br>• പോലീസിന്റെ സാങ്കേതിക നവീകരണത്തിന് 12 കോടി രൂപ<br>• വനിത ബറ്റാലിയൻ രൂപീകരിക്കുന്നതിന്റെ ആദ്യ ഘട്ടമായി 430 തസ്തികകൾ അനുവദിക്കും<br><br>**<u>ട്രഷറി ഡയറക്ടറേറ്റ്</u>**<br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br>• ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം |

| | | |
|---|---|---|
| | | • ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർ ബാങ്കിംഗ്<br>• മൊബൈൽ ആപ്ലിക്കേഷൻ<br>• ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ട് വഴി വാങ്ങുന്നതിനുള്ള പദ്ധതി.<br>• അക്കൗണ്ടിലെ വിശദാംശങ്ങൾ അറിയുന്നതിന് പബ്ലിക് പോർട്ടൽ സംവിധാനം<br>(മേൽ പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്)<br><br>**<u>സാംസ്കാരികകാര്യ വകുപ്പ്</u>**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br><br>• ആധുനിക നിലവാരത്തിലുള്ള തീയറ്റർ സമുച്ചയം സ്ഥാപിക്കുന്നതിന് കെഎസ്എഫ്ഡിസി യ്ക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിക്കും<br>• 1000 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് (സാങ്കേതികാനുമതി നൽകിയിട്ടുണ്ട്)<br><br>**<u>കേരളീയ പ്രവാസികാര്യ വകുപ്പ്</u>**<br><br>**നോർക്ക**<br><br><u>ഭരണാനുമതി നൽകിയ പദ്ധതികൾ-</u><br><br>• ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡേറ്റബെയ്സ് രൂപീകരണവും<br>• കമ്പോള ഗവേഷണം, നൈപുണ്യം നിയമനത്തോടനുബന്ധിച്ചും അതിന് മുൻപും ശേഷവും ഉള്ള സേവനങ്ങൾ<br>• ലോക കേരളസഭ<br>• ആഗോള സാംസ്കാരിക ഉത്സവം |
| (സി) | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | **<u>സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്</u>**<br><br>ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഇല്ല.<br><br>**<u>സാമൂഹ്യനീതി ഡയറക്ടറേറ്റ്</u>**<br><br>അനുമതി ലഭ്യമായിട്ട് നിർവ്വഹണം ആരംഭിക്കാത്ത പദ്ധതികൾ ഒന്നും തന്നെയില്ല.<br><br>**<u>വനിതാ ശിശു വികസന ഡയറക്ടറേറ്റ്</u>**<br><br>ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഇല്ല.<br><br>**<u>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്</u>**<br><br>ഭരണാനുമതി ലഭിച്ച എല്ലാ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.<br><br>**<u>ഫിഷറീസ് ഡയറക്ടറേറ്റ്</u>**<br><br>പദ്ധതികളെല്ലാം നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | **ഭാരതീയ ചികിത്സാവകുപ്പ്**<br>ഭരണാനുമതി ലഭിച്ച എല്ലാ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.<br>**വ്യാവസായിക പരിശീലന വകുപ്പ്**<br>ഭരണാനുമതി ലഭിച്ച എല്ലാ പദ്ധതികളും നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.<br>**പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്**<br>ഭരണാനുമതി ലഭിച്ച എല്ലാ പദ്ധതികളും നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.<br>**മൃഗസംരക്ഷണ വകുപ്പ്**<br>ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഇല്ല.<br>**പുരാവസ്തു വകുപ്പ്**<br>പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഓരോ വർഷത്തെയും ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | **പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ്**<br>ഓരോ വർഷത്തേയും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി സമയബന്ധിതമായി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും, എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും നിർദ്ദേശം നൽകുകയും ഇത് സംബന്ധിച്ച പുരോഗതികൾ അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.<br>**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**<br>ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികൾ നിശ്ചിത കാലയളവിൽ മികച്ച രീതിയിൽ നടപ്പിലാക്കുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു.ഇതിനു വേണ്ട അവലോകന യോഗങ്ങളും മേൽനോട്ടവും വകുപ്പുതലത്തിലെ ഉദ്യോഗസ്ഥന്മാർ നിർവ്വഹിച്ചു വരുന്നു.<br>**സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്**<br>പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ നിർവ്വഹണം നടക്കുന്നത് വകുപ്പ് വഴി നേരിട്ടും നിർവ്വഹണ ഏജൻസികളായ സപ്ലൈകോ, സി.എഫ്.ആർ.ഡി. എന്നിവ വഴിയുമാണ്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ചുള്ള റിപ്പോർട്ട് യഥാസമയം സർക്കാരിനെയും സംസ്ഥാന ആസൂത്രണ ബോർഡിനെയും അറിയിച്ചു വരുന്നു. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ് പോർട്ടൽ ആയ പ്ലാൻ സ്പേസിൽ പദ്ധതികളുടെ പുരോഗതി വിവരങ്ങൾ അപ്ഡേറ്റ് ചെയ്തു വരുന്നു.<br>പൊതുവിതരണ വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ പദ്ധതി നിർവ്വഹണം നടത്തുന്ന സെക്ഷനുകളെയും നിർവ്വഹണ ഏജൻസികളെയും ഉൾപ്പെടുത്തി പദ്ധതി അവലോകന യോഗം നടത്തുകയും, പദ്ധതികളുടെ പുരോഗതി വിലയിരുത്തി അവയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി അവലോകന യോഗങ്ങൾ നടത്തി അവയുടെ പുരോഗതിയും നിർവ്വഹണവും വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സാമൂഹ്യ നീതി ഡയറക്ടറേറ്റ്**

ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ സെക്ഷനുകളുടെ പ്രവർത്തനങ്ങൾ ഏകീകരിച്ചു കൊണ്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ ഒരു പ്ലാനിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

**വനിതാ ശിശു വികസന ഡയറക്ടറേറ്റ്**

പ്രതിമാസം പദ്ധതി പുരോഗതി അവലോകനം ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും നടത്തി വരുന്നു.

**കൃഷി വകുപ്പ്**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് കൃഷി ഡയറക്ടറേറ്റിൽ നിന്നും എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്കും നടപ്പിലാക്കേണ്ട ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങളുടെ വിവരങ്ങൾ നൽകുകയും അവ നടപ്പിലാക്കുന്നത് യഥാസമയം വിലയിരുത്തുകയും ചെയ്യുന്നു. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും സംസ്ഥാന തലത്തിൽ നോഡൽ കൃഷി അഡീഷണൽ ഡയറക്ടർമാരും എല്ലാ മാസവും വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി നടത്തി വരുന്നു.

**കാർഷിക സർവ്വകലാശാല**

പദ്ധതികൾ ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായി നടപ്പാക്കി വരുന്നു. ഗവേഷണ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും കേരള കാർഷിക സർവ്വകലാശാല റിസർച്ച് ഡയറക്ടറേറ്റിൽ പ്രത്യേക സംവിധാനവും മേഖലാതലത്തിൽ അസോസിയേറ്റ് ഡയറക്ടർമാരുമുണ്ട്.

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

ഓരോ വർഷത്തെയും ബജറ്റിൽ പിന്നാക്ക വിഭാഗങ്ങൾക്കായി പ്രഖ്യാപിക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിന് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൃത്യമായി പദ്ധതി പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യാറുണ്ട്.

**പൊതുമരാമത്ത് (ദേശീയപാത) വകുപ്പ്**

ഓരോ വർഷത്തെയും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കി എന്ന് ഉറപ്പ് വരുത്തുവാൻ റിവ്യൂ മീറ്റിംഗുകൾ നടത്തി നിർദ്ദേശങ്ങൾ നൽകാറുണ്ട്.

**തുറമുഖ വകുപ്പ്**

നിലവിൽ തുടർന്നു വരുന്ന പ്രവൃത്തികളിൽ പ്ലാൻ സ്പേസ് മുഖാന്തിരം പദ്ധതി പുരോഗതി കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നുണ്ട്.

**ഫിഷറീസ് ഡയറക്ടറേറ്റ്**

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് ഓരോ

| | | |
|---|---|---|
| | | മാസവും ജില്ലാ തലത്തിലും മേഖലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും പദ്ധതി അവലോകന യോഗങ്ങൾ നടത്താറുണ്ട്. വീഡിയോ കോൺഫറൻസിലൂടെയും പദ്ധതി പ്രദേശ സന്ദർശനത്തിലൂടെയും പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. ഡയറക്ടറേറ്റ് തലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനും മേൽ നോട്ടത്തിനുമായി ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഇൻലാന്റ്)നെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.<br><br>**<u>ഭാരതീയ ചികിത്സാവകുപ്പ്</u>**<br><br>പദ്ധതി നടത്തിപ്പിനായി മെഡിക്കൽ ഓഫീസറേയും ജില്ലാതല മേൽ നോട്ടത്തിനായി നോഡൽ ഓഫീസർമാരെയും സംസ്ഥാന തലത്തിൽ കൺവീനർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർമാർ പദ്ധതികളുടെ നടത്തിപ്പ് ജില്ലാതലത്തിൽ മോണിറ്ററിംഗ് ചെയ്യുന്നതാണ്. ഡയറക്ടറേറ്റിൽ മൂന്നു മാസം കൂടുമ്പോൾ റിവ്യൂ മീറ്റിംഗ് നടത്തി കൃത്യമായി മോണിറ്ററിംഗ് നടത്തി വരുന്നു.<br><br>**<u>വ്യാവസായിക പരിശീലന വകുപ്പ്</u>**<br><br>ഓരോ വർഷത്തെയും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ മാസവും വകുപ്പ് തലത്തിലും സർക്കാർ തലത്തിലും പദ്ധതി അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്</u>**<br><br>വ്യവസായ വാണിജ്യ ഡയറക്ടറുടെ നേതൃത്വത്തിൽ, പ്രതിമാസം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ പദ്ധതി അവലോകന യോഗം കൂടി, പദ്ധതികൾ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നുണ്ട്.<br><br>**<u>ഗതാഗത വകുപ്പ്</u>**<br><br>ഓരോ വർഷത്തേക്കും ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ കൃത്യമായ തുക അനുവദിക്കുന്ന മുറയ്ക്ക് അവ നടപ്പിൽ വരുത്തുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br><br>**<u>പരിസ്ഥിതി വകുപ്പ്</u>**<br><br>കാർബൺ ന്യൂട്രൽ വയനാട് പദ്ധതി നടപ്പിലാക്കാൻ തദ്ദേശ സ്വയം ഭരണവകുപ്പിന്റെ സഹകരണത്തോടെ വയനാട് ജില്ലാ കളക്ടറെയും കുട്ടനാട്ടിലെ പുതിയ കാർഷിക കലണ്ടർ രൂപീകരണവുമായി ബന്ധപ്പെട്ട് കൃഷിവകുപ്പിനെയും 21.02.2017 ൽചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്</u>**<br><br>പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിൽ നിന്ന് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാരിലേയ്ക്ക് ശുപാർശകൾ നൽകുകയും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് അതാത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിവരം അറിയിക്കുകയും |

ചെയ്യുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നിർദ്ദിഷ്ട സൈറ്റിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ നടത്തി, അവയുടെ റിപ്പോർട്ടുൾപ്പെടെ പൊതുമരാമത്ത് ഡിസൈൻ വിംഗിലേക്കും ആർക്കിടെക്ചറൽ വിംഗിലേക്കും സമർപ്പിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ആർക്കിടെക്ച്ചർ/സ്ട്രക്ചറൽ ഡ്രോയിംഗുകളുടെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നു. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിംഗ് നടപടികൾ സ്വീകരിക്കുകയും പ്രവൃത്തി പ്രാവൃത്തികമാക്കുകയും ചെയ്യുന്നു.

**രജിസ്ട്രേഷൻ വകുപ്പ്**

ഭരണവകുപ്പ് തലത്തിൽ അവലോകന യോഗങ്ങൾക്ക് പുറമെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേസ് എന്ന സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ പദ്ധതി നിർവ്വഹണം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. മേൽ സംവിധാനങ്ങളിലൂടെയാണ് ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ഉറപ്പു വരുത്തുന്നത്.

**മ്യൂസിയം മൃഗശാല വകുപ്പ്**

ഈ വകുപ്പിൽ ഓരോ വർഷവും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികളിലൂടെയും മറ്റ് വ്യവസ്ഥാപിത മാർഗ്ഗത്തിൽക്കൂടിയും പൊതുമരാമത്ത് വകുപ്പ്/അക്രഡിറ്റഡ് ഏജൻസികളെ കണ്ടെത്തി പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാർ ഭരണാനുമതി ലഭ്യമാക്കി കരാർ ഉടമ്പടി വ്യവസ്ഥ പ്രകാരം പദ്ധതി ആരംഭിക്കുകയും തുടർന്ന് എല്ലാ മാസം തോറും വകുപ്പ്, സർക്കാർ തലത്തിൽ കൂടുന്ന പദ്ധതി അവലോകന യോഗങ്ങളിൽ പദ്ധതി പുരോഗതിയുടെ ഘട്ടംഘട്ടമായുള്ള റിപ്പോർട്ടുകൾ ഹാജരാക്കി അപ്രകാരം വിശകലനം ചെയ്യുകയും, പദ്ധതികളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അപ്രകാരം സർക്കാർ അനുമതിയോടു കൂടി മാറ്റം വരുത്തി കലണ്ടർ നിശ്ചയിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**

വകുപ്പ് നേരിട്ടും, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേനയും വകുപ്പിന് കീഴിലെ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങളിലൂടെയുമാണ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് കൃത്യമായ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

**പുരാവസ്തു വകുപ്പ്**

ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പുരാവസ്തു വകുപ്പിൽ കൃത്യമായി നടപ്പിൽ വരുത്താറുണ്ട്.

**മൃഗസംരക്ഷണ വകുപ്പ്**

ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ കൃത്യമായി വിവിധ തലങ്ങളിൽ മോണിറ്റർ ചെയ്യുന്നതിലൂടെ പദ്ധതി നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നു. കൂടാതെ പദ്ധതികൾ നടപ്പിലാക്കുന്നതിന് വ്യക്തമായ

സമയക്രമം തീരുമാനിച്ച് കർമ്മപരിപാടി തയ്യാറാക്കുകയും ചെയ്യുന്നു.

**കേരള എക്സൈസ് വകുപ്പ്**

മന്ത്രി തലത്തിലും ചീഫ് സെക്രട്ടറി, സെക്രട്ടറി തലങ്ങളിലും പദ്ധതി പുരോഗതിയെക്കുറിച്ച് പ്രതിമാസ അവലോകനം നടത്തി വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു.

**സൈനികക്ഷേമ ഡയറക്ടറേറ്റ്**

ഓരോ വർഷത്തേയും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി പദ്ധതികളുടെ ഘടനയനുസരിച്ചു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഉറപ്പു വരുത്താറുണ്ട്.

**വ്യവസായ വകുപ്പ്**

ബജറ്റിൽ പ്രഖ്യാപിക്കുന്ന ഓരോ പദ്ധതികളും കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്താറുണ്ട്. ഓരോ പദ്ധതികളുടേയും മേൽനോട്ടത്തിനും നടത്തിപ്പിനുമായി തനത് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെയൊക്കെ പുരോഗതി വിലയിരുത്തുന്നതിനു വേണ്ടി യോഗങ്ങൾ നടത്തുകയും ചെയ്തു വരുന്നു.

**ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്**

ഭരണാനുമതിക്കായി ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചു വരുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

വകുപ്പുതല വർക്കിംഗ് ഗ്രൂപ്പുകളും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകളും ചേർന്ന് പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനുള്ള ഭരണാനുമതി നൽകി വരുന്നു. കൂടാതെ യഥാസമയം പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പു തലവന്മാരുമായി മീറ്റിംഗ് നടത്തിവരുന്നു.

**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**

വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പുരോഗതി വകുപ്പ് തലത്തിലും സർക്കാർ തലത്തിലും കൃത്യമായി അവലോകനം ചെയ്ത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ടി പദ്ധതി നടപ്പിലാക്കുന്നതിനായി കൃത്യമായി മോണിറ്ററിംഗ് ചെയ്യുന്നതിനായി ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി നാഷണൽ ആയുഷ് മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി ബഹു. മുഖ്യമന്ത്രി നേരിട്ട് അവലോകനം ചെയ്യുന്ന പദ്ധതികളിൽ ഉൾപ്പെടുത്തുകയും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തി വരികയും ചെയ്യുന്നുണ്ട്.

| | | |
|---|---|---|
| | | **<u>വിനോദസഞ്ചാര വകുപ്പ്</u>**<br><br>ഓരോ മൂന്നുമാസത്തിലൊരിക്കൽ ബഹു. ടൂറിസം വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകനയോഗങ്ങൾ കൂടുകയും, പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തിയും പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. അതത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ ചെയർമാനായി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്താറുണ്ട്.<br><br>**<u>വനം – വന്യജീവി വകുപ്പ്</u>**<br><br>ഓരോ വർഷത്തെയും ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന ഉറപ്പ് വരുത്തുവാനായി വകുപ്പുതലത്തിൽ നൽകേണ്ട ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ എത്രയും വേഗം നൽകുന്നുണ്ടോയെന്നും പദ്ധതി പുരോഗതിയും യഥാസമയം അവലോകന യോഗങ്ങൾ നടത്തി പരിശോധിക്കുന്നുണ്ട്.<br><br>**<u>സഹകരണ വകുപ്പ്</u>**<br><br>പദ്ധതികൾ കൃത്യമായി നടപ്പിൽ വരുത്തുന്നതിനായി ജില്ലകളിൽ നിന്നും പ്രൊപ്പോസൽ വാങ്ങി വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും സർക്കാരിന്റെ അംഗീകാരം ലഭിച്ച് കഴിഞ്ഞാൽ കൃത്യമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.<br><br>**<u>ആഭ്യന്തര വകുപ്പ്</u>**<br><br>പ്ലാൻ സ്പേസ് എന്ന വെബ്സൈറ്റ് മുഖാന്തിരം സർക്കാർ നേരിട്ട് പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിച്ചുവരുന്നുണ്ട്.<br><br>**<u>ട്രഷറി ഡയറക്ടറേറ്റ്</u>**<br><br>ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുന്ന പദ്ധതികൾക്കു എത്രയും വേഗം ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ഭരണ വകുപ്പിൽ നിന്ന് നൽകി, ടി പദ്ധതികൾ എല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള |

| | | |
|---|---|---|
| | | നടപടികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തുന്നുണ്ട്. ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനായി കൃത്യമായ അവലോകനയോഗങ്ങൾ കൂടുകയും പദ്ധതികൾ എല്ലാം തന്നെ പൂർത്തിയാകുന്നുവെന്നു ഉറപ്പ് വരുത്തുകയും ചെയ്യാറുണ്ട്.<br><br>**<u>ധനകാര്യ വകുപ്പ്</u>**<br><br>സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാനായി ധനകാര്യവകുപ്പ് ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS) എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ (budgetdata.kerala.gov.in) വഴി ഓരോ വർഷത്തെയും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലെ പദ്ധതികളുടെ പുരോഗതി Chief Controlling Officer മാർ രേഖപ്പെടുത്തുന്നതു നിരീക്ഷിക്കുന്നതിനും, യഥാസമയം ബന്ധപ്പെട്ടവർക്കു സെക്രട്ടറി തലത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ ഭൗതിക - സാമ്പത്തിക പുരോഗതികൾ വിലയിരുത്താൻ സാദ്ധ്യമാണ്. കൂടാതെ ധനകാര്യവകുപ്പ് വിവിധ വകുപ്പുകളുടെ അവലോകന യോഗവും നടത്തി വരുന്നു.<br><br>**<u>സാംസ്കാരിക കാര്യ വകുപ്പ്</u>**<br><br>പദ്ധതികൾക്ക് യഥാസമയം ഭരണാനുമതി നൽകുന്നതിൽ ശ്രദ്ധിക്കാറുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ വിവിധ തലങ്ങളിൽ പദ്ധതി അവലോകനം ചെയ്യാറുണ്ട്.<br><br>**<u>ശാസ്ത്ര സാങ്കേതിക വകുപ്പ്</u>**<br><br>ഓരോ വർഷത്തെയും ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട പ്രോജക്റ്റ് റിപ്പോർട്ടുകൾ പരിശോധന വിധേയമാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും പദ്ധതി നടത്തിപ്പ് കൃത്യമായി അവലോകനവിധേയമാക്കുകയും ചെയ്യുന്നു.<br><br>**<u>കേരളീയ പ്രവാസികാര്യ വകുപ്പ്</u>**<br><br>ഓരോ വർഷത്തെയും ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തി വരുകയും ചെയ്യുന്നതാണ്.<br><br>**<u>ഭവന നിർമ്മാണ വകുപ്പ്</u>**<br><br>ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അവലോകനയോഗങ്ങൾ ചേരാറുണ്ട്. |

Dinsha

**സെക്ഷൻ ഓഫീസർ**